**ദുരിതാശ്വാസ/സമ്പാദ്യ പ്രതിജ്ഞാപത്രം കൈവശക്കാർക്ക്**
**പലിശ/മുതൽ വൈകി ലഭിക്കാനിടയായാൽ നഷ്ടപരിഹാരം**

ദുരിതാശ്വാസ/സമ്പാദ്യ പ്രതിജ്ഞാപത്രങ്ങൾ കൈവശമുള്ളവർക്ക് പലിശ രഹിത അവകാശപത്രമോ നിക്ഷേപം പക്വമാകുമ്പോഴത്തെ മൂല്യമോ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്മൂലം ഉണ്ടാകുന്ന നഷ്ടം നികത്തി കൊടുക്കേണ്ടതുണ്ടെന്ന് വാണിജ്യ ബാങ്കുകളോട് ആർ.ബി.ഐ ആവശ്യപ്പെട്ടു. എത്ര ദിവസമാണോ വൈകുന്നത്, അത്രയും ദിവസത്തേയ്ക്ക് കറന്റ് സേവിംഗ്സ് ബാങ്ക് നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്. അത്തരം വിളംബം തങ്ങളുടെ ഭാഗത്തു നിന്നാണ് ഉണ്ടാകുന്നെതെങ്കിൽ തങ്ങൾതന്നെ നഷ്ടപരിഹാരം നൽകുമെന്ന് ആർ.ബി.ഐ പ്രസ്താവിച്ചു.

ദുരിതാശ്വാസ/സമ്പാദ്യ പ്രതിജ്ഞാപത്രപദ്ധതി നിക്ഷേപകർക്ക് കൂടുതൽ മെച്ചപ്പെട്ട ഉപഭോക്തൃസേവനം ലഭ്യമാക്കാനാണ് ഈ തീരുമാനം കൈക്കൊണ്ടതെന്ന് ബാങ്കുകൾക്കും സ്വന്തം ഓഫീസുകൾക്കും അയച്ച ഒരു അറിയിപ്പിൽ ആർ.ബി.ഐ പറഞ്ഞു.

ആർ.ബി.ഐ നിർദ്ദേശപ്രകാരം പ്രതിജ്ഞാപത്ര കൈവശക്കാർക്ക് നിശ്ചിതതീയതിക്ക് ഒരുമാസം മുൻപ് തന്നെ മൂല്യവർധനാരഹിത പ്രതിജ്ഞാപത്രങ്ങളുടെ പലിശ സംബന്ധിച്ച അവകാശപത്രങ്ങൾ ബാങ്കുകൾ അയയ്ക്കണം. മൂല്യവർധനാക്ഷമപ്രതിജ്ഞാപത്രങ്ങളുടെ പക്വതാമൂല്യവും മുൻകൂറായി അടയ്ക്കണം. പ്രതിജ്ഞാപത്ര കൈവശക്കാർ പത്രം പക്വമായശേഷമാണ് മുക്തനിരതങ്ങൾ സമർപ്പിക്കുന്നതെങ്കിൽ കൈവശക്കാരന് ബാങ്ക് അങ്ങനെ സമർപ്പിക്കപ്പെടുന്ന നാൾമുതൽ അഞ്ച് പൂർണ്ണ അവധിരഹിത ദിനങ്ങൾക്കുള്ളിൽ പക്വതാമൂല്യം അയയ്ക്കണം.

അൽപ്പനാ കില്ലാല
മുഖ്യ പൊതുകാര്യദർശി

പത്രക്കുറിപ്പ് 2004-2005/1220